**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 277** **12-03-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളെ ഒരു കുടക്കീഴിലാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളെയെല്ലാം ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും വിദ്യാർത്ഥി സേവനങ്ങൾ വേഗത്തിൽ ആക്കുന്നതിനായി കെ-റീപ് എന്ന പേരിൽ ഒരു ഇ.ആർ.പി അധിഷ്ഠിത സോഫ്റ്റ്‌വെയർ സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കെ-റീപ് സോഫ്റ്റ് വെയർ ഫ്രെയിം വർക്ക് എല്ലാ സർവ്വകലാശാലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകൾക്കും ഇതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ആദ്യഘട്ട പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല ഈ അധ്യയന വർഷം നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യ സെമസ്റ്ററിൽ തന്നെ കെ-റീപ്പ് സോഫ്റ്റ് വെയർ ഉപയോഗിച്ച് പരീക്ഷ അടക്കം എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലകളും രണ്ടാം സെമസ്റ്റർ മുതൽ പരീക്ഷയും ഫലപ്രഖ്യാപനവും അടക്കമുള്ള സേവനങ്ങൾ കെ-റീപ്പ് വഴി നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ എല്ലാ സ്ഥാപനങ്ങൾക്കും പരസ്പരപൂരക സ്വഭാവത്തോടെ മുന്നേറാൻ എത്രത്തോളം സഹായകമാവുമെന്ന് വ്യക്തമാക്കാമോ; | (ബി) | നാലുവർഷ ബിരുദ പ്രോഗ്രാം മുമ്പോട്ട് വയ്ക്കുന്ന ഫ്ളെക്സിബിൾ സെലക്ഷൻ, മേജർ, മൈനർ മാറ്റങ്ങൾ, വിവിധ സർവ്വകലാശാലകളുടെയും, കോളേജുകളുടെയും ക്രെഡിറ്റുകൾ സംയോജിപ്പിച്ച് ബിരുദം നേടൽ, ക്രെഡിറ്റ് ട്രാൻസ്ഫർ, സർവ്വകലാശാലാ മാറ്റം എന്നിവ നടപ്പിലാക്കാൻ കെ-റീപ് സംവിധാനം വളരെ ഫലപ്രദമാണ്. വിദ്യാർത്ഥികൾക്ക് ഈ കാര്യങ്ങളെല്ലാം അവരുടെ മൊബൈലിൽ ലഭ്യമാകുന്ന വിധത്തിലുള്ള മൊബൈൽ ആപ്പ് സംവിധാനം വരെ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയാണ് കെ-റീപ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. |
| (സി) | വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള പ്രക്രിയയിലെ വിവരശേഖരണവും സൂക്ഷിപ്പും പ്രസ്തുത സംവിധാനം വഴിയാക്കുമോ; വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കിക്കൊണ്ടാണ് കെ-റീപ് സോഫ്റ്റ്‌വെയർ സംവിധാനം പ്രവർത്തിക്കുന്നത്. അഡ്മിനിസ്ട്രേറ്റീവ്, ലേണിംഗ് മാനേജ്‌മെന്റ് മൊഡ്യൂളുകൾ സംയോജിപ്പിച്ചുകൊണ്ടാണ് സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിദ്യാർത്ഥി പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഫലപ്രദമായി കെ-റീപ് സോഫ്റ്റ്‌വെയർ വഴി കൈകാര്യം ചെയ്യാൻ സാധിക്കും. കോഴ്സ് സെലക്ഷൻ, രജിസ്ട്രേഷൻ, ക്ലാസ് റൂം മാനേജ്‌മെന്റ്, പരീക്ഷ, മൂല്യ നിർണ്ണയം, ക്രെഡിറ്റ് ട്രാൻസ്ഫർ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും കെ-റീപ്പ് വഴി നൽകാനാവും. |

സെക്ഷൻ ഓഫീസർ